## കേരള സർക്കാർ

### സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - അഡ്വ. ശാലിനി.എം-ന്റെ അപേക്ഷാ സമർപ്പണത്തിലെ കാലതാമസം മാപ്പാക്കി അഭിഭാഷകധനസഹായം അനുവദിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

### പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ(സാധാ)നം.783/2021/പജപവവിവ തിരുവനന്തപുരം, തീയതി. 07/09/2021

---

പരാമർശം:- 1) സ.ഉ. (കൈ) നം.81/99/പജപവവിവ തീയതി 23/09/1999

2) സ.ഉ. (കൈ) നം.71/2017/പജപവവിവ തീയതി 26/08/2017

3) അഡ്വ. ശാലിനി.എം-ന്റെ 06/03/2021 ലെ അപേക്ഷ.

4) 09/07/2021-ലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ എഡ്യു.ഡി3-7248/2021 നം കത്ത്.

### ഉത്തരവ്

കൊല്ലം, പാരിപ്പള്ളി, പുലിക്കുഴി, വേളമാനൂർ.പി.ഒ, ചരുവിള പുത്തൻ വീട്ടിൽ അഡ്വ.ശാലിനി.എം ഒന്നാം വർഷ അഭിഭാഷകധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയിരുന്നു. 13.04.2019 ൽ എൻറോൾ ചെയ്ത 25.05.2019 മുതൽ ജൂനിയർ അഭിഭാഷകയായി പരിശീലനം ആരംഭിച്ച ടിയാൻ 06.03.2021 നാണ് ആനുകൂല്യത്തിനായി അപേക്ഷിച്ചിട്ടുള്ളത്. അപേക്ഷാ സമർപ്പണത്തിൽ അഡ്വ. ശാലിനി.എം വരുത്തിയ മനഃപൂർവ്വമല്ലാത്ത കാലതാമസം മാപ്പാക്കി ടിയാൾക്ക് അഭിഭാഷകധനസഹായം അനുവദിച്ച നൽകുന്നതിന് അനുമതി നൽകണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം, പാരിപ്പള്ളി, പുലിക്കുഴി, വേളമാനൂർ.പി.ഒ, ചരുവിള പുത്തൻ വീട്ടിൽ അഡ്വ. ശാലിനി.എം ഒന്നാം വർഷ അഭിഭാഷക ധനസഹായത്തിനുള്ള അപേക്ഷാ സമർപ്പണത്തിൽ വരുത്തിയ മനഃപൂർവ്വമല്ലാത്ത കാലതാമസം മാപ്പാക്കി ടിയാൾക്ക് അഭിഭാഷകധനസഹായം അനുവദിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ബിജുകുമാർ.ബി.റ്റി

അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്,തിരുവനന്തപുരം. (അപേക്ഷയും അനുബന്ധരേഖകളും സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.

അഡ്വ. ശാലിനി.എം, ചരുവിള പുത്തൻവീട്, വേളമാനൂർ .പി.ഒ, പുലിക്കുഴി, പാരിപ്പള്ളി, കൊല്ലം (പട്ടികജാതി വികസന വകുപ്പ ഡയറക്ടർ മുഖേന)

ജില്ലാ പട്ടികജാതി വികസന ഓഫീസർ, കൊല്ലം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ